**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1963** **16-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തിക.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുഭരണ വകുപ്പിൽ അണ്ടർ സെക്രട്ടറി തസ്തികയിൽ എത്ര ഒഴിവ് നിലവിലുണ്ടെന്നും 2023 മെയ് 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണെന്നും അറിയിക്കുമോ; | (എ) | (എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ നിലവിൽ അണ്ടർ സെക്രട്ടറി കേഡറിൽ 6 ഒഴിവും 2023 മേയ് 31 വരെ, ഓഫീസർമാരുടെ വിരമിക്കൽ മുഖേന അണ്ടർ സെക്രട്ടറി തസ്തികയിൽ 84 ഒഴിവുകളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | അണ്ടർ സെക്രട്ടറി തസ്തികയിലേക്കുള്ള പ്രൊമോഷന് വേണ്ടി സെക്ഷൻ ഓഫീസർമാരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എത്ര പേർ ഉൾപ്പെടുന്ന ലിസ്റ്റ് ആണ് ഉള്ളതെന്നും ഒഴിവുകൾക്ക് അനുസൃതമായി ആവശ്യത്തിന് ജീവനക്കാർ ലിസ്റ്റിൽ ഉണ്ടോ എന്നും വെളിപ്പെടുത്തുമോ; | (ബി) | (ബി) നിലവിലില്ല |
| (സി) | അണ്ടർ സെക്രട്ടറി തസ്തികയിലേയ്ക്ക് പ്രമോഷന് വേണ്ടിയുള്ള ഡി.പി.സി. ഇനി എന്നാണ് കൂടുന്നതെന്ന് അറിയിക്കുമോ; | (സി) | (സി)ഡി പി സി കൂടുന്ന തീയതി പി.എസ്.സി. യുമായി കൂടിയാലോചിച്ചാണ് തീരുമാനിക്കുന്നത്. |
| (ഡി) | പി.എസ്.സി യുടെ നിലപാടാണ് പല പ്രൊമോഷൻ തസ്തികകളുടേയും സെലക്ട് ലിസ്റ്റ് തീർന്ന് പോകാൻ കാരണമായിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വരും വർഷങ്ങളിൽ ഡി.പി.സി. കൂടുമ്പോൾ ഒഴിവിന്റെ മൂന്നിരട്ടി ജീവനക്കാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങൾ ചട്ടം 28(b)(i)(6) ന് താഴെയുള്ള കുറിപ്പ് പ്രകാരം ഒരു വർഷത്തിനുള്ളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളുടെ എണ്ണത്തിന്റെ കഴിയുന്നത്ര, മൂന്നിരട്ടിയും കുറഞ്ഞത് രണ്ടിരട്ടിയും, മുൻ വർഷം പുറന്തള്ളപ്പെട്ട ഉദ്യോഗസ്ഥരുടെ എണ്ണവും കൂടി ഉൾപ്പെടുത്തിയാണ് ഫീൽഡ് ഓഫ് ചോയ്സ് തയ്യാറാക്കുന്നത്. പ്രസ്തുത ചട്ടം 28(b)(i)(7) പ്രകാരം സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അടുത്ത വർഷത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളുടെ എണ്ണത്തിന് തുല്യമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ എണ്ണം അപ്രകാരമാണ് ഡി പി സി നിശ്ചയിക്കുന്നത്. |

സെക്ഷൻ ഓഫീസർ